ചെറുതായിരിക്കുന്നതിന്റെ പ്രസക്തി

# ലിറ്റിൽ മാസിക

2010
ആഗസ്റ്റ്
120




## ചെരുപ്പിടാത്ത സ്കൂൾ കുട്ടികളും

## റാഗിയും ഉള്ളിയും കുറേ യാഥാർത്ഥ്യങ്ങളും



## സത്യസന്ധതയുടെ ടെലഫോൺ ബൂത്തുകൾ


ഫോട്ടോ: ഹസ്സൻ മമ്പാട്

### വണ്ണാത്തിപ്പുള്ള് (റോബിൻ)

റെയ്ച്ചൽ കാഴ്സൺ 'സൈലന്റ് സ്പ്രിംഗ്' എന്ന വിഖ്യാത ഗ്രന്ഥത്തിൽ അമേരിക്കയിലെ റോബിനുകൾക്ക് സംഭവിച്ച ദുരന്തകഥയെക്കുറിച്ച് പറയുന്നുണ്ട്. വസന്താഗമനത്തിന്റെ സൂചനയാണ് റോബിനുകളുടെ വരവ്. അവയുടെ നിലനിൽപ് 'എം' (elm) എന്ന മരവുമായി ബന്ധപ്പെട്ടാണ്. ഈ മരത്തിന്റെ ഫംഗസ് രോഗത്തെ നിയന്ത്രിക്കാൻ വ്യാപകമായി കീടനാശിനി പ്രയോഗിക്കുകയും മണ്ണിലെത്തിയ കീടനാശിനി ഞാഞ്ഞൂലുകളുടെ ശരീരത്തിലെത്തുകയും ഞാഞ്ഞൂലുകളെ ഭക്ഷിച്ച റോബിനുകൾ കൂട്ടത്തോടെ ചത്തൊടുങ്ങുകയും ചെയ്തു.

കേരളീയ ഗ്രാമജീവിതത്തിന്റെ ഒഴിവാക്കാനാവാത്ത സാന്നിധ്യമായി തൊടിയിലും ചാടിനടന്ന റോബിനുകൾ അഥവാ വണ്ണാത്തിപ്പുള്ളുകൾ എന്ന കുഞ്ഞുപക്ഷികൾ വിരളമായി മാറിയതിന്റെ പിന്നിലെ 'ഇടപെടലു'കളുടെ കാരണത്തെക്കുറിച്ച് നാം ജാഗ്രത്താവേണ്ടിയിരിക്കുന്നു.

2010
ആഗസ്റ്റ്
ലക്കം 120

**ലിറ്റിൽ മാസിക**
ചുങ്കത്തറ പി.ഒ., മലപ്പുറം - 679334
Ph: 04931-231493, 232780
Mob: 9946428284, 9995264564
email:littlemasika@gmail.com

•

ചീഫ് എഡിറ്റർ
**ബിജു ജോൺ**
കോ-ഓർഡിനേറ്റിംഗ് എഡിറ്റർ
**അബ്ദുള്ളക്കുട്ടി എടവണ്ണ**
മാനേജിംഗ് എഡിറ്റർ
**ജയപ്രകാശ് നിലമ്പൂർ**
എക്സിക്യൂട്ടീവ് എഡിറ്റർ
**പി.എം. ജോൺ**
പത്രാധിപ സമിതി
**സതീഷ് ചളിപ്പാടം**
**മനോഹർ വർഗീസ്**
**ചന്ദ്രബാബു തൃക്കലങ്ങോട്**
സ്പെഷ്യൽ കറസ്പോണ്ടന്റ്
**ഹാരിസ് നെന്മേനി**
കവർ ഫോട്ടോ
**ഹസ്സൻ മമ്പാട്**
ടൈപ്പ് സെറ്റിംഗ്
**ജസീല**
ലേഔട്ട്
**റസീസ് അഹമ്മദ്**
പ്രിന്റിംഗ്
**ഇംപീരിയൽ ഓഫ്സെറ്റ് എടവണ്ണ**
**9895117614**

•

**Copy left:** ലിറ്റിൽ മാസികയിൽ പ്രസിദ്ധീകരിക്കുന്ന രചനകൾക്ക് കോപ്പിറൈറ്റ് ഇല്ല. ആർക്കും രചനകൾ യഥേഷ്ടം ഉപയോഗിക്കാവുന്നതാണ്. കടപ്പാട് സൂചിപ്പിക്കണമെന്ന് മാത്രം.

ജാലകം
ലിമാ ഫീച്ചേഴ്സ്

# സത്യസന്ധതയുടെ ടെലഫോൺ ബൂത്തുകൾ



ബ്രിട്ടനിലെ ഗ്രാമീണപ്രദേശമായ ഡ്രോട്ടണിൽ ടെലഫോൺ ബൂത്തുകൾ പലചരക്കു സാധനങ്ങൾ വിൽക്കുന്ന ഇടങ്ങളായി മാറ്റപ്പെടുന്നു. സാൻഡ്വിച്ച്, പത്രങ്ങൾ, ടിൻ ഫുഡുകൾ തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ ആളുകൾക്ക് യഥേഷ്ടം തെരഞ്ഞെടുക്കാൻ ഇവിടെ സൗകര്യമുണ്ട്. സെയിൽസ്മാനോ കാവൽക്കാരനോ ഇല്ലാത്ത ഈ ബൂത്തുകളിൽ ഹോണസ്റ്റി പ്രിൻസിപ്പൾ പ്രകാരം ഓരോരുത്തരും അവരവർക്കു വേണ്ട സാധനമെടുത്ത് അതിന്റെ വില ബൂത്തുകളിൽ നിക്ഷേപിക്കുന്നു. രാത്രികാലങ്ങളിലും തുറന്നുപ്രവർത്തിക്കുന്ന ഈ ഹോണസ്റ്റി ഷോപ്പുകൾ ഇവിടുത്തെ ഗ്രാമീണരുടെ പ്രധാന ആശ്രയമാണ്. സർക്കാരുകളുടെ ഗ്രാമീണ സേവന നയങ്ങളിൽ അതൃപ്തരായ ജനം ഒഴിഞ്ഞുകിടക്കുന്ന ടെലഫോൺ ബൂത്തുകൾ ജനങ്ങളുടെതന്നെ മുൻകൈയിൽ പലചരക്കു ബൂത്തുകളായി മാറ്റപ്പെടുമ്പോൾ സത്യസന്ധതയും വിശ്വസ്തതയും ഈ പുതിയ കാലത്തും ഗ്രാമീണ ജനതക്ക് നഷ്ടപ്പെട്ടിട്ടില്ല എന്നതിന്റെകൂടെ അടയാളങ്ങളാകുന്നു.



ഫോട്ടോ: ഹസ്സൻ മമ്പാട്

യാത്ര

ബിജു ജോൺ

# ചെരുപ്പിടാത്ത സ്കൂൾ കുട്ടികളും റാഗിയും ഉള്ളിയും കുറേ യാഥാർത്ഥ്യങ്ങളും

**ലി**റ്റിൽ മാസിക പ്രസിദ്ധീകരിക്കുന്ന മലപ്പുറം ജില്ലയിലെ ചുങ്കത്തറയിൽ നിന്ന് കർണ്ണാടകയിലേക്ക് 2 മണിക്കൂർ കാർ യാത്രയേയുള്ളൂ. പക്ഷേ ചുങ്കത്തറ എന്ന കേരളീയ ഗ്രാമത്തിൽ നിന്ന് കർണ്ണാടക അതിർത്തി പ്രദേശമായ ഗുണ്ടൽപേട്ടിനടുത്ത ഹംഗാള എന്ന ഗ്രാമത്തിലേക്കുള്ള യഥാർത്ഥ അകലം രണ്ട് കാഴ്ചപ്പാടുകളുടേതും രണ്ട് സമീപനങ്ങളുടേതുമാണ്. ലിറ്റിൽ മാസിക പ്രവർത്തകർ ഇക്കഴിഞ്ഞ ജൂലൈ 27ന് ചുങ്കത്തറയിൽ നിന്ന് തമിഴ്നാട്ടിലെ ഗൂഡല്ലൂർ വഴി കർണ്ണാടകയിലേക്ക് കൗതുകത്തിന്റെ പേരിൽ നടത്തിയ അലസ സഞ്ചാരവും കുറെ യാഥാർത്ഥ്യങ്ങൾ പഠിപ്പിച്ചു. ഉള്ളിൽ അബോധ തലത്തിൽ ഞങ്ങളുടെ എല്ലാവരുടേയും മനസ്സിൽ ഓണത്തിനും റംസാനും നാം കഴിക്കാൻ പോകുന്ന പച്ചക്കറികളും ഓണത്തിനുള്ള പൂക്കളും തയ്യാറാവുന്നത് കാണാനുള്ള കൗതുകം ഉണ്ടായിരുന്നു. ശരിയാണ്; നമുക്ക് വേണ്ടി കർണ്ണാടകയിലും തമിഴ്നാട്ടിലും ഭക്ഷണ സാധനങ്ങൾ ഒരുങ്ങുമ്പോൾ കൗതുകത്തിനെങ്കിലും അതൊക്കെ ഓരോ മലയാളിയും കണ്ടേ തീരൂ. പണം കൊടുത്താൽ എപ്പോഴും കിട്ടുന്ന പച്ചക്കറികൾ മണ്ണിലുണ്ടാവുന്നതെങ്ങനെയെന്ന് നമ്മുടെ കുട്ടികളെ നാം കാണിച്ചേ തീരൂ. കാരറ്റും കാബേജും ഉള്ളിയും ഒക്കെ മണ്ണിൽ നിന്നു തന്നെയാണ് ഉണ്ടാവുന്നത് എന്ന പ്രാഥമിക അറിവെങ്കിലും പുതുതലമുറയ്ക്ക് നൽകാൻ നമുക്ക്, പഠന-വിനോദ യാത്രകൾക്ക് വിദ്യാലയങ്ങളിൽ നിന്ന് തമിഴ്നാട്ടിലെയും കർണ്ണാടകയിലെയും കൃഷിയിടങ്ങളിലേക്കു തന്നെ കുട്ടികളെ കൊണ്ടുപോവുക.

ഗുണ്ടൽപേട്ട് എന്നത് തമിഴ്നാട് അതിർത്തിക്കടുത്തുള്ള കർണ്ണാടകയുടെ കാർഷിക വ്യാപാരകേന്ദ്രമാണ്. പച്ചക്കറിയുടെ വലിയ വിപണികേന്ദ്രം. ഗൂഡല്ലൂർ-ഗുണ്ടൽപേട്ട റൂട്ടിൽ ബന്ദിപ്പൂർ ടൈഗർ റിസർവ്വ് വനമേഖലയ്ക്കുശേഷമുള്ള ചെറിയ അങ്ങാടിയാണ് ഹംഗാള. ഹംഗാളയിൽ നിന്ന് 11 കിലോമീറ്റർ സഞ്ചരിച്ചാൽ ഗോപാലസ്വാമി ക്ഷേത്രം സ്ഥിതി ചെയ്യുന്ന പ്രകൃതി രമണീയമായ കുന്ന്. ദ്വാപര യുഗത്തിലേതെന്ന് വിശ്വസിക്കപ്പെടുന്ന പുരാതനക്ഷേത്രം നിരവധി സഞ്ചാരികളെ ആകർഷിക്കുന്നു. അവിടെ നിന്നും താഴെ ഇറങ്ങി മറ്റൊരു കൈവഴിയിലൂടെ കക്കൽത്തൊണ്ട് എന്ന ഗ്രാമത്തിലെത്താം. ആ വഴിക്ക് ചെറിയ രണ്ട് ഗ്രാമങ്ങൾ (ഹള്ളികൾ).

പോകുന്ന വഴിക്ക് കണ്ട സർക്കാർ സ്കൂളിനടുത്ത് വാഹനം നിർത്തിയപ്പോഴേക്കും പ്രൈമറി ക്ലാസുകളിലേതെന്ന് തോന്നിക്കുന്ന വിദ്യാർത്ഥികൾ വാഹനത്തിനു ചുറ്റും പൊതിഞ്ഞു. അപൂർവ്വം ചിലരുടെ കാലിൽ മാത്രം ചെരുപ്പ്. ചെരുപ്പില്ലാതെയാണ് ചില അദ്ധ്യാപകരും. തനി ഗ്രാമീണരായ ആളുകളാണ് ടൗണിൽ കാണപ്പെടുന്നത്. പ്രാഥമികമായ സൗകര്യങ്ങളോടു കൂടിയ വീടുകൾ. പക്ഷേ ധാരാളമായി ഉള്ളത് വിശാലമായ കൃഷിഭൂമി. മോഹലിംഗ എന്ന കർഷകനെ പരിചയപ്പെട്ടു. രണ്ടേക്കർ ഭൂമിയിൽ സമ്മിശ്രരീതിയിൽ കരിമ്പും റാഗിയും ചോളവും വാഴയും ഒന്നിച്ച് ഇടകലർത്തി ചെയ്ത് വിലത്തകർച്ചകളെ പ്രതിരോധിക്കുന്ന വിധം മോഹലിംഗ വിവരിച്ചപ്പോൾ ഒന്ന് മനസ്സു തുറന്ന് അസൂയപ്പെടാനെങ്കിലും കഴിഞ്ഞു എന്ന സംതൃപ്തി. കാളകളെ ഉപയോഗിച്ചുതന്നെ ഇപ്പോഴും നിലം ഉഴുതുന്നതും ഇവിടെ കണ്ട മറ്റൊരു കൗതുകക്കാഴ്ച. റംസാൻ മാസത്തിൽ നോമ്പുതുറ കുശാലാക്കാൻ നമുക്കായി വിശാലമായ ഇടത്ത് തണ്ണിമത്തൻ തയ്യാറാവുന്നതും കണ്ടപ്പോൾ നോമ്പുതുറന്ന പ്രതീതി. ഓണത്തിനും റംസാനും സമയബന്ധിതമായി വിളവെടുക്കാൻ ശക്തമായ കീടനാശിനി രാസവളപ്രയോഗം വേണമെന്ന് മോഹലിംഗ പറഞ്ഞു. കീടനാശിനി വളപ്രയോഗത്തിന്റെ രീതികളെ കുറിച്ച് കൂടുതൽ അറിയണമെന്നുണ്ടായിരുന്നുവെങ്കിലും ബിസിയാണെന്ന് പറഞ്ഞ് മോഹലിംഗം കടന്നുകളഞ്ഞു.

വാൻഗോഗിന്റെ സൂര്യകാന്തിപ്പൂക്കൾ എന്ന പെയിന്റിംഗിന്റെ ഓർമ്മകൾ ഉണർത്തുന്ന വിശാലമായ സൂര്യകാന്തിപ്പാടങ്ങൾ കടന്ന് മടങ്ങി വരുമ്പോൾ കണ്ട ദൃശ്യങ്ങളായ കാളവണ്ടികൾ, ചെമ്മരിയാട്ടിൻകൂട്ടത്തെ മേയ്ച്ച് അകലേക്ക് നടന്നുനീങ്ങുന്ന ഗ്രാമീണൻ, ആവശ്യത്തിനു മാത്രം വലുപ്പമുള്ള വീടുകൾ, ജഡ നീട്ടിയ യോഗിയെപ്പോലുള്ള വയസ്സൻ ആലുകൾ, സൈക്കിളിൽ ചരക്കു കടത്തുന്ന ഗ്രാമീണൻ.... എല്ലാം ഒരുപാട് പുതിയ പാഠങ്ങൾ തന്നെ പഠിപ്പിച്ചു തരുന്നു.

എന്തായാലും നമുക്ക് അരി എത്തിക്കുന്ന ആന്ധ്രയിലെ ഗ്രാമങ്ങളിലേക്ക്, പച്ചക്കറി വിളയിക്കുന്ന കർണ്ണാടകയിലെയും തമിഴ്നാട്ടിലെയും കൃഷിയിടങ്ങൾ, നാം ഉപയോഗിക്കുന്ന സോപ്പ്, ചീപ്പ്, ചാന്ത്, പൊട്ട്, ഇവ ഉണ്ടാക്കുന്ന ബോംബെയിലെയോ സൂറത്തിലെയോ പണിശാലകൾ, വസ്ത്രം നെയ്യുന്ന വിദൂരഗ്രാമങ്ങൾ.... ഇവിടങ്ങളിലേക്കൊക്കെ നാം യാത്രകൾ ചെയ്യേണ്ടിയിരിക്കുന്നു.

റിപ്പോർട്ട്

ലിമാ ന്യൂസ് സർവ്വീസ്

# തീരവാസികൾ ഒരു നദിയെ തിരിച്ചറിയുന്ന വിധം



ഫോട്ടോ: ഹസ്സൻ മമ്പാട്

**ചാലിയാറിനെ അതിന്റെ പഴയകാല പ്രതാപത്തിലേക്ക് വീണ്ടെടുക്കാൻ ഇതാ ഒരു ജനകീയ സംരംഭം. സംസ്കാരത്തെ നിലനിർത്തുന്ന പുഴകളെക്കുറിച്ചുള്ള ആലോചനകൾ നമ്മുടെ നിലനില്പിന്റെ തന്നെ ആലോചനകളാവുന്നു.**

മഴയുടേയും പുഴയുടേയും സമൃദ്ധികൊണ്ട് മടുപ്പ് വന്ന കേരളീയർ ഇപ്പോൾ കൃത്രിമ രസാനുഭവങ്ങളുടെ പിറകെയാണ്. ബാത്ത് ടബ്ബുകളുടെ കുളിർമയിൽ സ്വയം മുങ്ങിയും വാട്ടർ തീം പാർക്കുകളിൽ മുങ്ങിക്കുളിച്ചും അതിവേഗ ഭക്ഷണവും വാഹനങ്ങളുമൊക്കെയായി ജീവിതം ആഘോഷിച്ചു തീർക്കുന്നു. അതിനിടെ പുഴകൾ അഴുക്കുചാലായി തീരുന്നതിൽ വ്യാകുലപ്പെടാനൊക്കെ ആർക്കുണ്ട് സമയം?

ഇങ്ങനെയൊരാമുഖത്തോടെ പുഴയെക്കുറിച്ചുള്ള വിചാരങ്ങൾ തുടങ്ങാം. എന്നാൽ ചാലിയാറിനെക്കുറിച്ചുള്ള വിചാരങ്ങളിൽ ശുഭകരമായ ചിന്തകൾ വന്നു തുടങ്ങിയിരിക്കുന്നു.

പുഴകളുടെ കൊന്നുകൊലവിളിക്കുന്നവരുടെ നാടായി കേരളം മാറുമ്പോഴും ചാലിയാറിന്റെ തീരഗ്രാമങ്ങളിൽ അവിടവിടെയായി ചെറുസംഘങ്ങൾ പുഴക്കു വേണ്ടി ശബ്ദമുയർത്താൻ നൂറുകണക്കിനു നാവുകളായി ഉയർന്നുവരാൻ തുടങ്ങിയിരിക്കുന്നു.




വിഷം വമിക്കുന്ന ഗ്രാസിം കമ്പനിക്കെതിരെ പ്രതിഷേധ ശബ്ദമുയർത്തിക്കൊണ്ടാണ് ചാലിയാറിനു വേണ്ടിയുള്ള ആദ്യത്തെ ഐക്യനിര ഉയർന്നുവരുന്നത്. പരിസ്ഥിതി സംരക്ഷണ മുദ്രാവാക്യങ്ങൾ കേട്ടുപരിചയമില്ലാത്ത ചാലിയാർ തീരവാസികളായ സാധാരണക്കാർ സ്വയം പരിസ്ഥിതിക്കാരായി മാറി. മലപ്പുറത്തെ വാഴക്കാട്ടു നിന്ന് കെ. എ. റഹ്മാൻ എന്ന സാധാരണക്കാരൻ സ്വയം എരിഞ്ഞുതീർന്ന് ലോകപരിസ്ഥിതി പ്രസ്ഥാനങ്ങൾക്ക് ഊർജ്ജം പകർന്നു നൽകി.

ഫാക്ടറി മലിനീകരണത്തിന് അന്ത്യം കുറിക്കുകയും ചാലിയാറിലൂടെ വീണ്ടും വെള്ളം തെളിഞ്ഞൊഴുകുമെന്നും എല്ലാവരും പ്രതീക്ഷിച്ചു. എന്നാൽ പുഴയെ മറന്ന ഒരു തലമുറയുടെ കൺമുമ്പിൽ പുഴ അതിവേഗത്തിൽ മരണശയ്യയിലാകുന്ന കാഴ്ചയാണ് പിന്നീട് കണ്ടത്. വൃഷ്ടി പ്രദേശത്തെ കാട് വെട്ടിയും പുഴയുടെ നെഞ്ചു മാന്തി മണലെടുത്തും മാലിന്യങ്ങൾ നിക്ഷേപിച്ചും അഴുക്കുചാലുകൾ തിരിച്ചുവിട്ടും വിഷം കലക്കിയും ഒരു പുഴയുടെ മരണത്തിന് നാം സാക്ഷിയായിക്കൊണ്ടിരിക്കുന്നു.

തമിഴ്നാട് അതിർത്തിയിലെ പശ്ചിമഘട്ട മലനിരകളിൽ നിന്ന് ഉയിർ കൊണ്ട് 169 കിലോമീറ്റർ നീളത്തിൽ മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ജീവജലം നൽകി അറബിക്കടലിൽ ചേരുന്ന ഈ പുഴ കേരളത്തിലെ മൂന്നാമത്തെ വലിയ നദിയാണ്. ഈ നദിയുടെ നാശം സംസ്ക്കാരത്തിന്റെ നാശമാണെന്നും ആത്മഹത്യയാണെന്നും തിരിച്ചറിഞ്ഞവർ മുറവിളി കൂട്ടിത്തുടങ്ങിയിട്ട് ഏറെ നാളായി. ഒറ്റപ്പെട്ട ഇടപെടലുകൾ പലയിടത്തും നടക്കുന്നു. ഈ മുറവിളികൾ ഐക്യത്തിന്റെ സംഘഗാനമായി മാറുകയും പുഴയെ നെഞ്ചേറ്റുന്നവരുടെ ഹൃദയത്തെ തൊടുന്ന സ്നേഹഗീതമായി മാറ്റുകയും ചെയ്യുന്ന

ബാക്കി പേജ് 9ൽ




ജീവിതത്തിന്റെ
ലളിതപാഠങ്ങൾ


അക്കു

# ശലഭങ്ങൾ പഠിപ്പിക്കുന്നത്

**വംശം നിലനിർത്താൻ മാത്രം ഒരാഴ്ചക്കാലം ജീവിക്കുകയും ഹ്രസ്വമായ ജീവിതദൗത്യം നിറവേറ്റി വർണ്ണക്കാഴ്ചകൾ സമ്മാനിച്ച് കടന്നുപോവുകയും ചെയ്യുന്ന ഈ ശലഭങ്ങൾ പകർന്നുതരുന്ന ജ്ഞാനപാഠങ്ങൾ എത്ര വലുതാണ്!**



ഫോട്ടോ: അക്കു



*"ഞാൻ കരുതിയത് അടർന്നുവീണ പൂവ്*
*ഞെട്ടിലേക്കു തന്നെ തന്നെ തിരിച്ചു വരുന്നു എന്നാണ്.*
*പിന്നെയായിരുന്നു അതൊരു പൂമ്പാറ്റയാണെന്നറിഞ്ഞത്"*

**ബാ**ഷോ എന്ന കവിയുടെ ഒരു ഹൈക്കുവിന്റെ ഏകദേശ തർജ്ജമയാണിത്. 'ഈ വല്ലിയിൽ നിന്നും പൂക്കൾ പോകുന്നിതാ പറന്നെ'ന്ന് പൂമ്പാറ്റയെ കണ്ട് ഒരു കുട്ടി പറയുന്നതായി നമുക്ക് സുപരിചിതമായ ഒരു കവിഭാവനയും ഇതുപോലെയുണ്ട്. ശലഭങ്ങളുടെ കൗതുക കാഴ്ചകൾ നാം പലതരത്തിൽ ആസ്വദിക്കുന്നു. ശലഭങ്ങളുടെ വൈവിധ്യമാർന്ന ലോകം നമുക്ക് ചുറ്റുമുണ്ടെങ്കിലും അവയെ ഗൗരവമായി നമ്മിൽ പലരും ശ്രദ്ധിക്കാറില്ല. നമുക്ക് അതിനൊട്ടു നേരവുമില്ല.

ശലഭങ്ങളെ കുറിച്ച് ചില അജ്ഞാതപാഠങ്ങൾ അറിയാതെ പഠിക്കാനിടയായ അനുഭവമെനിക്കുണ്ടായിട്ടുണ്ട്. വർഷങ്ങൾക്കു മുമ്പ് ഒരു മഴക്കാലത്താണ്, രാത്രിയിൽ സുഹൃത്ത് വിളിക്കുന്നു. വലിയൊരു ശലഭത്തെ കാണണോ? ക്യാമറയുമായി വരൂ... ചെന്നു നോക്കി. അത്യാവശ്യം വലുപ്പവും ഭംഗിയുമുള്ള ശലഭം! പറന്നു വന്നു വീണ് പരിക്കേറ്റ് പിടയുന്ന അത് പൊങ്ങാൻ ശ്രമിക്കുന്നുണ്ട്. ഒരു റെഡിമെയ്ഡ് ഷർട്ടിന്റെ പെട്ടിയിൽ ഇട്ട് അതിനെ കൊണ്ടു പോന്നു. പെട്ടിക്കകത്ത് നിന്ന് ചിറകുകൾ അടിച്ച് പിടയുന്ന ശബ്ദം കുറച്ച് നേരം കേട്ടിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ പെട്ടി തുറന്നു നോക്കി. ശലഭം നിശ്ചലമായിരിക്കുന്നു. പാവം! അവസാന പിടച്ചിലുകൾക്കിടയിൽ അത് മുട്ടകൾ ഇട്ടിരിക്കുന്നു. മഞ്ഞനിറത്തിലുള്ള കുഞ്ഞു മുട്ടകൾ! ഒരുപാടുണ്ട്. പ്രാണൻ വെടിയും മുമ്പ് വംശം നിലനിർത്തുകയെന്ന ജീവിതദൗത്യം നിർവ്വഹിച്ച ഒരു പെൺശലഭത്തിന്റെ ശരീരം എന്റെ മുമ്പിൽ ചിറകുകൾ വിടർത്തി അനക്കമറ്റു കിടന്നു. ക്യാമറയെടുത്ത് ശലഭത്തിന്റെ ദൃശ്യങ്ങൾ പകർത്തി. മുട്ടകൾ എന്തുചെയ്യണമെന്നായി എന്റെ ചിന്ത. മുട്ട വിരിഞ്ഞ് ലാർവകളാകുമെന്നും ലാർവകൾ തളിരിലകൾ ഭക്ഷിച്ച് സ്വയം കൂടു പണിത് സമാധിയായി പ്യൂപ്പ പൊട്ടിച്ച് ശലഭമായി പുറത്തു വരുമെന്ന രൂപാന്തരകഥ എനിക്കറിയാം. പ്രാണൻ വിട്ടുപോവും മുമ്പേ ആ ശലഭത്തിന്റെ സ്വപ്നവും അതായിരുന്നിരിക്കണം. അങ്ങനെയാണെങ്കിൽ ഈ മുട്ടകളെ ചെടികളിൽ നിക്ഷേപിക്കണം. ഞാൻ അവ മുറ്റത്തെ മതിലിനരികിലുള്ള അലങ്കാരച്ചെടികളുടെ ഇലകളിൽ ശ്രദ്ധാപൂർവ്വം വിതറി. പിറ്റേന്ന് നോക്കുമ്പോൾ മുട്ടകളൊന്നും കാണാനില്ല. വല്ല ഓന്തോ മറ്റോ തിന്നു കാണണം.

ശലഭത്തെ നിലമ്പൂർ തേക്ക് മ്യൂസിയത്തിലേക്ക് സംഭാവന ചെയ്തു. ഈ ശലഭത്തെ കുറിച്ച് വനഗവേഷണ കേന്ദ്രത്തിലെ സയന്റിസ്റ്റും സുഹൃത്തുമായ ഡോ: ടി.വി. സജീവിനോട് ചോദിച്ചറിഞ്ഞപ്പോഴും പുസ്തകങ്ങൾ പരിശോധിച്ചപ്പോഴുമാണ് ഞാൻ ചില അത്ഭുതകരമായ ശലഭവിവരങ്ങൾ മനസിലാക്കുന്നത്; എന്റെ അജ്ഞത വെളിവാകുന്നതും.

എനിക്കു കിട്ടിയത് അറ്റ്ലസ് ശലഭമാണ്. ലോകത്തിൽ വച്ചേറ്റവും വലിയ ശലഭം. ഇതൊരു നിശാശലഭമാണ്. രണ്ടുവിധം ശലഭങ്ങളുണ്ട്- ചിത്രശലഭങ്ങളും നിശാശലഭങ്ങളും. അവ തമ്മിൽ പ്രകടമായ വ്യത്യാസങ്ങളുണ്ട്. നിശാശലഭങ്ങൾ രാത്രിഞ്ചരൻമാരാണ്. അവയുടെ സ്പർശിനികൾ തൂവൽ പോലെ നാരുകളുള്ളതും അറ്റം നേർത്തതുമായിരിക്കും. ചിത്രശലഭങ്ങളുടെ സ്പർശിനികൾ അറ്റം വീർത്തതോ വളഞ്ഞതോ ആയിരിക്കും. ചിത്രശലഭങ്ങൾ വിശ്രമിക്കുമ്പോൾ ചിറകുകൾ മടക്കിയാണ് ഇരിക്കുക. നിശാശലഭങ്ങൾ ചിറകു വിടർത്തി വെച്ചാണ് വിശ്രമിക്കുക. നിശാശലഭങ്ങളുടെ ലാർവകൾ ചിത്രശലഭങ്ങളുടെ ലാർവകളെ അപേക്ഷിച്ച് രോമാവൃതവും മിനുസമുള്ളതുമായിരിക്കും. ഓരോ ശലഭങ്ങളും മുട്ടയിടുന്നത് പ്രത്യേകം സസ്യങ്ങളിലാണ്. ആ സസ്യങ്ങളുടെ തളിരിലകൾ ഭക്ഷിച്ചാണ് ലാർവകൾ വളരുക. ശലഭങ്ങളുടെ നിലനിൽപ് അവയുടെ മാതൃസസ്യങ്ങളുടെ നിലനിൽപുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നതാണ് പ്രകൃതി നിയമം.

അറ്റ്ലസ് ശലഭങ്ങൾ മുട്ടയിടുന്നത് അവയുടെ ലാർവകളുടെ ഭക്ഷണ സസ്യമായ നാരകച്ചെടിയിലോ പേരയിലോ വഴനമര

*ബാക്കി പേജ് 9ൽ*

കഥ
രാജീവ് ജി. ഇടവ

# രണ്ടു കഥകൾ

## കായലും കരയും

കായൽ കരയോട് പറഞ്ഞു;

എന്റെ ഓളങ്ങളിലും ഊഷ്മളമായ തലോടലിലും നീ എന്നും സുഖമായി ഉറങ്ങുന്നു. പക്ഷേ ഞാനോ?

കരയിൽ വസിക്കുന്നവർ എന്റെ മാറിലേക്ക് തൊണ്ട് താഴ്ത്തി മലിനമാക്കുകയും എന്റെ ഹൃദയം വരെയെത്തി മണൽ വാരി എന്നെ നശിപ്പിച്ചുകൊണ്ടുമിരിക്കുന്നു. അവർ മനസ്സിലാക്കുന്നില്ല ഞാൻ ഇല്ലെങ്കിൽ കര ഇല്ലെന്ന്.

കര അപ്പോഴും മൗനം തുടർന്നു.

കരയുടെ മൗനത്തിൽ ക്ഷോഭിച്ച കായൽ കടലിനെ കൂട്ടുപിടിച്ച് കരയെ വിഴുങ്ങി.

## സംസ്ക്കാരം

രാജസ്ഥാനിലെ ഒരു കർഷകനാണ് കൃഷിഭൂമിയിൽ നിന്ന് ആ പ്രതിമ കിട്ടിയത്.

വ്യത്യസ്തവും മനോഹരവുമായ ആ പ്രതിമയെ അവൻ ദൈവതുല്യം കണ്ടു.

പഞ്ചാബുകാരൻ നല്ല ഉടയാടകൾ അണിയിച്ച് പ്രതിമയെ സുന്ദരിയാക്കി.

ഉത്തർപ്രദേശുകാരൻ മന്ത്രോച്ചാരണങ്ങളിലൂടെയും മറ്റും പ്രതിമയ്ക്ക് ജീവൻ നൽകി ഒരു മനുഷ്യസ്ത്രീയാക്കി.

മലയാളി അവളെ വേശ്യാലയത്തിൽ വിറ്റ് സമ്പന്നനായി.


**ലിറ്റിൽ മാസിക വരിസംഖ്യ**
**16 ലക്കങ്ങൾക്ക് 100 രൂപ**
**ഇന്നുതന്നെ എം.ഒ അയക്കുമല്ലോ**
ലിറ്റിൽമാസിക, ചുങ്കത്തറ പി.ഒ,
മലപ്പുറം ജില്ല - 679334


കവിത
കുഞ്ഞപ്പൻ കൊല്ലങ്കോട്

# മൂന്ന് കവിതകൾ

### പേടി

വീട്ടിലച്ഛനെപ്പേടി
റോട്ടിൽ ടിപ്പറേയും

### ഇഷ്ടം

മക്കൾക്കിഷ്ടം മസാല മണം
അച്ഛനിഷ്ടം കസേര മണം

### ഓങ്കാരം

ഓങ്കാരമെന്നു ഞാൻ
ഓം കാർ എന്നവൾ
ഓംഹരിയെന്നു ഞാൻ
ഓഹരി യെന്നവൾ

കവിത
പ്രജീബ് രവിമംഗലം

# മുറുക്കം

കണ്ണിലെ, ചില വിലപിടിച്ച ഞരമ്പുകൾ
അഗാധമായി
പുറത്തെ ചിതറിത്തെറിച്ച
മൗനത്തെക്കുറിച്ചു ചിന്തിച്ച്
വ്യാകുലപ്പെടുന്നുണ്ടാവണം.
അതാണ്,
കണ്ണാടിയിൽ നിന്നും
മുടിചീവാൻ നോക്കുമ്പോഴും
മുഖം മിനുക്കാൻ നോക്കുമ്പോഴും
പ്രതിരൂപം
ഇറങ്ങിയോടുന്നത്

കഥ
ഉണ്ണി എടക്കഴിയൂർ

# പ്രതിഷേധം

മത്സരത്തിൽ ജയിച്ചാൽ പൊട്ടിക്കാൻ വേണ്ടി വാങ്ങിയ പടക്കം; തോറ്റപ്പോൾ നിരാശയോടെ എല്ലാം കത്തിച്ചു കളഞ്ഞു.

പുസ്തകം

**കേരളത്തിലെ സാധാരണ ചിത്രശലഭങ്ങൾ** (ശാസ്ത്രം)
സി. സുശാന്ത്



നമ്മുടെ ചുറ്റുപാടുകളിൽ പറന്നുനടക്കുന്ന ശലഭങ്ങളെ തിരിച്ചറിയാനും പഠനവിധേയമാക്കാനും സഹായകമാകുന്ന ബഹുവർണ്ണചിത്ര പുസ്തകം.

**കേരള സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം**
സംസ്കൃത കോളേജ് ക്യാമ്പസ്,
തിരുവനന്തപുരം - 695034
പേജ് 126
വില 70 രൂപ

**തൊട്ടുതൊട്ടു നടക്കുമ്പോൾ** (എസ്.എം.എസ് കവിതകൾ)
വീരാൻകുട്ടി

നിരുപാധികമായ സ്നേഹത്തെക്കുറിച്ച് പറഞ്ഞുകൊണ്ടേയിരിക്കുന്ന കൊച്ചുകവിതകൾ. എസ്.എം.എസ് ആയി വായനക്കാരിലെത്തിയ കവിതകളുടെ പുതുമയോടെയുള്ള സമാഹാരം.


**സ്മാൾ ലെറ്റേഴ്സ്, കോഴിക്കോട്**
പിൻ: 673102
പേജ് 92
വില 40 രൂപ



യാത്ര

ഷാഹുൽ ഹമീദ് കെ.ടി

# അകലൂരിലെ ലോഹിസ്പർശം



അകലൂരിൽ നിന്ന് അമരാവതിയിലേക്കുള്ള ചെത്തുവഴികളിൽ ആ ജീവിതത്തിന്റെ സ്പന്ദനങ്ങളുണ്ട്. ആ വഴികൾ ഇന്നും ലോഹിയെ സ്മരിക്കുന്നു. അകലൂർ നിവാസികളും ശിവക്ഷേത്രവും ലോഹിതദാസിന്റെ ഓർമ്മകൾ പുതുക്കുന്നുണ്ട്; അദ്ദേഹത്തിന്റെ ചിത്രങ്ങളുടെ ഫ്ളക്സ് ബോർഡുകളിലൂടെ.

അമരാവതി വീട് വൃക്ഷങ്ങൾ നിറഞ്ഞതാണ്. അനേകം പക്ഷികളും അണ്ണാൻമാരും മറ്റു ജീവജാലങ്ങളും ലോഹിതദാസിന്റെ അഭാവത്തിലും ആതിഥേയൻമാരായി അവിടെയുണ്ട്. വീട്ടിലെ ചാരുപടിയിലിരുന്നാൽ മരങ്ങൾക്കിടയിലൂടെ, വിശാലമായ നെൽവയലുകൾ കാണാം. എഴുത്തിന്റെ വിളനിലമായ മനസ്സിനെ ധ്യാനനിലീനമാക്കാൻ ഉതകുന്ന അന്തരീക്ഷമാണ് അമരാവതിയിലേത്. പത്തുവർഷം മുമ്പ് ഇതേ ചാരുപടിയിലിരുന്ന് ലോഹിതദാസുമായി സംസാരിച്ചിരുന്നു. ഇന്ന് അദ്ദേഹത്തിന്റെ ഓർമ്മകളുമായി സിന്ധുലോഹിതദാസ് അമരാവതിയിലുണ്ട്. മണിക്കൂറുകളോളം മലയാള സിനിമയെക്കുറിച്ചും ലോഹിയുടെ സർഗ്ഗസപര്യയെക്കുറിച്ചും അവർ സംസാരിച്ചു.


കാവിനരികിലൂടെയുള്ള വഴി കുളത്തിലേക്കുള്ളതാണ്. കൂറ്റൻ മരങ്ങളും കെട്ടുപിണഞ്ഞ വള്ളികളുമുള്ള കാവിന്റെ ദൃശ്യം കുളത്തിലെ ജലപ്പരപ്പിൽ നിഴലിക്കുന്നുണ്ട്. സിന്ധു ലോഹിതദാസിനോടു യാത്ര പറഞ്ഞിറങ്ങുമ്പോൾ കണ്ണുകൾ മറ്റൊരാൾക്കു കൂടി യാത്രാമൊഴികളർപ്പിക്കുന്നുണ്ടായിരുന്നു; അമരാവതിയിലെ വൃക്ഷഛായയിൽ അന്ത്യവിശ്രമം കൊള്ളുന്ന എഴുത്തുകാരനോട്. വേരുകളുടെ കട്ടിലിൽ ഭൂമിയുടെ തണുപ്പുമേറ്റ് അദ്ദേഹം വന്നുപോകുന്നവരെ കണ്ണുമിഴിച്ചു നോക്കുന്നുണ്ടാവും...

അകലൂരിൽ നിന്ന് റെയിൽ പാതയോരത്തേക്കുള്ള വഴിയിലാണ് കള്ളുഷാപ്പ്. അവിടെ കയറി, പാനി മുന്നിലേക്കു വെച്ച ഷാപ്പുകാരന്റെ അപരിചിതത്വം മാറാൻ വന്ന കാര്യം പറഞ്ഞു. കള്ളുഷാപ്പിനും മുള്ളുവേലിക്കുമിടയിലെ ഒഴിഞ്ഞ സ്ഥലം ചൂണ്ടി ഷാപ്പുകാരൻ പറഞ്ഞു ലോഹിസാറ്, ദേ, അവിടെ ഇരിയ്ക്ക്യാ. ആ ഇര്ത്തം ചെലപ്പൊ വൈന്നേരം വരെ ഇരിക്കും. അകലൂരിലെങ്ങും ലോഹി സ്പർശങ്ങൾ....

കാർട്ടൂൺ സ്പേസ്

## മായാ കമ്മത്ത് (1951 - 2001)

ഇന്ത്യയിലെ ആദ്യത്തെ വനിതാ പൊളിറ്റിക് കാർട്ടൂണിസ്റ്റ്. 1985ൽ കാർട്ടൂൺ രചന തൊഴിലായി സ്വീകരിച്ചു. ഡെക്കാൻ ഹെറാൾഡ്, ഏഷ്യൻ ഏജ്, ടൈംസ് ഓഫ് ഇൻഡ്യ തുടങ്ങിയ പ്രസിദ്ധീകരണങ്ങളിലാണ് സ്ഥിരമായി കാർട്ടൂൺ വരച്ചുകൊണ്ടിരുന്നത്. തേർഡ് വേൾഡ് എന്ന പേരിൽ പരിസ്ഥിതി കാർട്ടൂണുകൾ സമാഹരിച്ച് പുസ്തകരൂപത്തിൽ ജർമ്മനിയിൽ പ്രസിദ്ധീകരിച്ചു. ശക്തമായ പൊളിറ്റിക്കൽ കാർട്ടൂണുകൾക്കൊപ്പം സ്ത്രീപക്ഷ, സാമൂഹ്യ വിഷയങ്ങളിൽ വരകൾ കൊണ്ട് പ്രതിരോധം തീർത്ത കാർട്ടൂണിസ്റ്റായിരുന്നു മായാ കമ്മത്ത്.




*മായാ കമ്മത്തിന്റെ ഒരു കാർട്ടൂൺ*

ഇടപെടലുകൾ

പി.എ. പൗരൻ

# ജനകീയ കമ്മീഷനുകൾ

**ഓരോ പ്രദേശത്തെയും സന്നദ്ധ സംഘടനകൾക്കും ജനകീയ കൂട്ടായ്മകൾക്കും സ്വന്തം നിലയ്ക്ക് ആരെയും ആശ്രയിക്കാതെ അന്വേഷണ കമ്മീഷനുകൾ രൂപീകരിച്ച് സത്യാന്വേഷണത്തിനും സാമൂഹ്യ ഇടപെടലുകൾക്കും ഊർജ്ജം പകരാം. ഔദ്യോഗിക സർക്കാർ നിയമിത അന്വേഷണ കമ്മീണനുകൾക്കു പുറമെ, രാജ്യത്ത് നിരവധി ജനകീയ ബദൽ കമ്മീഷനുകൾ സത്യസന്ധമായി പല വിഷയങ്ങളിലും അന്വേഷണം നടത്തി ഫലപ്രാപ്തി കൈവരിക്കുന്നുണ്ട്.**

വിവാദ വിഷയങ്ങളും പ്രശ്നങ്ങളും ഉണ്ടാവുമ്പോൾ സർക്കാരുകൾ കമ്മീഷനുകളെ നിയോഗിക്കുന്ന പതിവുണ്ട്. പലപ്പോഴും കത്തിപ്പടരുന്ന വിവാദ വിഷയങ്ങളിൽ താൽക്കാലികമായി തലയൂരാൻ ജനകീയ സർക്കാരുകൾ കമ്മീഷനെ നിയോഗിക്കുന്നു. ബ്രിട്ടീഷ് ഇന്ത്യയിൽ തന്നെ സൈമൺ കമ്മീഷൻ പോലെ ഇന്ത്യൻ സ്വാതന്ത്ര്യസമരത്തെ പ്രീണിപ്പിക്കാനോ പൊതുജനവികാരത്തെ അനുകൂലമാക്കാനോ കമ്മീഷനുകളെ നിയമിച്ചിരുന്നു.

ഇന്ത്യയിലും നമ്മുടെ കൊച്ചുകേരളത്തിലും എത്രയധികം അന്വേഷണ കമ്മീഷനുകൾ ഉണ്ടായിട്ടുണ്ട്! വിമാന ദുരന്തവും തീവ്രവാദ ആക്രമണവും, കുഭകോണങ്ങളും മുതൽ സ്വകാര്യ വിദ്യാഭ്യാസ വ്യാപാരികളുമായി വില പേശാൻ വരെ കമ്മീഷനുകളെ നിയമിക്കുന്നു.

## കമ്മീഷൻ എന്ന പൊള്ളാന

പൊതുഖജനാവ് മുടിപ്പിക്കുന്നതാണ് പല അന്വേഷണ കമ്മീഷനുകളും. ബാബരി മസ്ജിദ് പൊളിച്ചതുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ സർക്കാർ നിയോഗിച്ച ലിബർഹാൻ കമ്മീഷൻ നീണ്ട 12 വർഷം കൊണ്ടാണ് റിപ്പോർട്ട് നൽകിയത്. അതിന് ചിലവിട്ടതോ 8 കോടിയിൽ പരം രൂപ! 48 പ്രാവശ്യം നീട്ടി വെച്ച് റെക്കോർഡിട്ട കമ്മീഷനും കൂടിയായി ഇത്. ഇങ്ങനെ തയ്യാറാക്കുന്ന റിപ്പോർട്ടുകളുടെ ഭാവിയും സർക്കാരിന്റെ ഇഷ്ടാനിഷ്ടങ്ങൾക്കനുസരിച്ച് തീരുമാനിക്കപ്പെടുന്നു. 1952 ൽ നിലവിൽ വന്ന കമ്മീഷൻ ഓഫ് എൻക്വയറീസ് ആക്ട് എന്ന നിയമമാണ് കമ്മീഷനുകളുമായി ബന്ധപ്പെട്ട നിയമം. നിയമിക്കുന്ന സർക്കാരിന് കമ്മീഷനുകളുടെ റിപ്പോർട്ട് യഥേഷ്ടം തള്ളുകയോ കൊള്ളുകയോ ചെയ്യാം.

## സർക്കാരിന്റെ പി.ആർ.ഒ.

പലപ്പോഴും നിയമിക്കുന്ന സർക്കാരിന്റെ പ്രതിഛായ തൂത്ത് മിനുക്കുന്ന പോളീഷിംഗ് പണിയാണ് അന്വേഷണ കമ്മീഷനുകൾക്ക്. സർക്കാരിന് ക്ലീൻ സർട്ടിഫിക്കറ്റ് നൽകുന്ന, അല്ലെങ്കിൽ സർക്കാരിന്റെ താൽപര്യം മാനിക്കാത്ത റിപ്പോർട്ടുകൾക്ക് സുഖമായി ഫയലുകളിൽ വിശ്രമിക്കാം. നാളിതുവരെ വെളിച്ചം കാണാത്ത കമ്മീഷൻ റിപ്പോർട്ടുകൾ കൊണ്ട് വേണമെങ്കിൽ നമ്മുടെ ഈ കൊച്ചുകേരളത്തെ ഇട്ടുമൂടാം.

## നമുക്കും നിയമിക്കാം കമ്മീഷനുകൾ!

ഈ സാഹചര്യങ്ങളിലാണ് ജനകീയമായി ജനകീയ പ്രസ്ഥാനങ്ങൾ, സ്വന്തം നിലയ്ക്ക് ബദൽ അന്വേഷണ കമ്മീഷനുകൾ നിയമിക്കുന്ന രീതി പ്രസക്തമാവുന്നത്. ഔദ്യോഗിക കമ്മീഷനുകളല്ലാതെ സ്വതന്ത്രമായി ബദലായി നിയമിക്കുന്ന നിരവധി ജനകീയ കമ്മീഷനുകൾ ഇതിനകം ഉണ്ടായിട്ടുണ്ട്; അതിന്റെ ഗുണഫലങ്ങൾ പൊതുസമൂഹത്തിന് ഉണ്ടായിട്ടുമുണ്ട്. സർക്കാർ മെഷിനറി ചലിക്കാതെ വരുമ്പോൾ സർക്കാർ ചിലവിൽ നടക്കുന്ന അന്വേഷണം പ്രഹസനമാവുമ്പോൾ ഇത്തരം ജനകീയ കമ്മീഷനുകൾ പ്രസക്തമാവുന്നു. ഇന്ത്യയിൽ അങ്ങോളമിങ്ങോളം നിരവധി ജനകീയ കമ്മീഷനുകൾ രൂപീകരിച്ച് വിവിധ വിഷയങ്ങളിൽ സത്യസന്ധമായി അന്വേഷണം നടത്തിയ പ്രമുഖ മനുഷ്യാവകാശ സംഘടനയായ പി.യു.സി.എൽ ഈ രംഗത്ത് ഒരു നല്ല മാതൃകയാണ്.

ഇന്ത്യൻ ദേശീയബോധത്തിന്റെ ധീരസ്മരണയായ ജയപ്രകാശ് നാരായണൻ നട്ടുവളർത്തിയ പി.യു.സി.എൽ അതിന്റെ 25-ാം വാർഷികത്തോടനുബന്ധിച്ച് 1981 മുതൽ 2006 വരെയുള്ള കാലത്ത് രാജ്യവ്യാപകമായി നടത്തിയ അന്വേഷണങ്ങളുടെ റിപ്പോർട്ടുകൾ ആയിരത്തിൽപ്പരം പേജുകളിലായി രണ്ട് വാല്യമായി പ്രസിദ്ധീകരിക്കുകയുണ്ടായി. ഓരോ കമ്മീഷനുകളിലും പ്രഗത്ഭരായ ന്യായാധിപൻമാർ, അഭിഭാഷകർ, പൗരാവകാശ പ്രവർത്തകർ, മാധ്യമ പ്രവർത്തകർ തുടങ്ങിയവരെ ഉൾപ്പെടുത്തിയാണ് ചിലവു കുറഞ്ഞ, എന്നാൽ ഫലപ്രദമായ കമ്മീഷനുകൾ പ്രവർത്തിച്ചത്. കേരളത്തിൽ മാത്രം 46 സ്വതന്ത്ര അന്വേഷണങ്ങൾ പി.യു.സി.എൽ ഇതിനകം നടത്തിയിട്ടുണ്ട്. അമ്പുമലയിലെ ആദിവാസികൾ നേരിടുന്ന ഭക്ഷ്യപ്രതിസന്ധിയെ കുറിച്ച് 2005 ൽ പുറത്തിറക്കിയ അന്വേഷണ റിപ്പോർട്ട് ഏറെ ശ്രദ്ധ നേടുകയുണ്ടായി. എലൂർ വ്യവസായ മേഖലയിലെ വ്യവസായ മലിനീകരണത്തെ കുറിച്ചുള്ള അന്വേഷണം ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലാണ്.

തിരുവല്ലയിലെ ബാബു തോമസ്, കെ.എസ്. സോമൻ തുടങ്ങിയവർ നേതൃത്വം നൽകുന്ന മനുഷ്യാവകാശ വേദി, പ്ലാച്ചിമട സമരസമിതി തുടങ്ങിയ ജനകീയ പ്രസ്ഥാനങ്ങളും ഈ രംഗത്തെ നല്ല മാതൃകകളാണ്.

നമ്മുടെ നാട്ടിലെ ചെറുതും വലുതുമായ പ്രശ്നങ്ങളിൽ, അത് പരിസ്ഥിതി മലിനീകരണമാവാം, ദുരന്തങ്ങളാവാം, തൊഴിൽ പ്രശ്നങ്ങളാവാം, ദുരൂഹമരണങ്ങളാവാം, ഏത് രംഗത്തും സ്വതന്ത്രമായി, സാമ്പത്തിക ചിലവില്ലാതെ അന്വേഷണങ്ങൾ നടത്താൻ നമുക്കും അന്വേഷണ കമ്മീഷനുകൾ നിയമിക്കാം. അന്വേഷണങ്ങൾ നടത്താനും, തൽപരകക്ഷികളിൽ നിന്ന് തെളിവ് സ്വീകരിക്കാനും, സർക്കാർ സ്ഥാപനങ്ങളിൽ നിന്ന് ആവശ്യമായ രേഖകൾ വരുത്താനും നിയമപരമായി യാതൊരു തടസ്സവുമില്ല. പ്രദേശത്ത് ലഭ്യമായ വിവര സ്രോതസ്സുകൾ ഉപയോഗിച്ചും വിവരാവകാശം പോലുള്ള നിയമങ്ങൾ ഉപയോഗിച്ചും ജനകീയ കമ്മീഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കാം.

ഓരോ പ്രദേശത്തെയും സന്നദ്ധ സംഘടനകൾ സ്വന്തം നിലയ്ക്ക് ആരെയും ആശ്രയിക്കാതെ നടത്തുന്ന ഇത്തരം ബദൽ അന്വേഷണ കമ്മീഷനുകളുടെ റിപ്പോർട്ട് പത്ര മാധ്യമങ്ങളിലൂടെ പൊതുജന സമക്ഷത്തിൽ എത്തിക്കാൻ ഇന്ന് എളുപ്പമാണ്. മാധ്യമപ്രവർത്തകർ, അഭിഭാഷകർ, പൊതുപ്രവർത്തകർ, ഓരോ രംഗത്തെയും പ്രദേശത്തെ വിദഗ്ധൻമാർ... ഇവരെ ഉപയോഗിച്ച് കമ്മീഷനുകൾ രൂപീകരിക്കാം. ഏതു വിവരവും പെട്ടെന്ന് ഫലപ്രദമായി ലഭ്യമാക്കുന്ന വിവരാവകാശ നിയമത്തെ കൂട്ടുപിടിച്ചാൽ ജനകീയ ബദൽ അന്വേഷണ കമ്മീഷനുകൾക്ക് അധികാരികളുടെ തന്നെ കണ്ണു തുറപ്പിക്കാൻ കഴിയും.

## തീരവാസികൾ ഒരു നദിയെ....

പ്രത്യാശയുടെ കിരണങ്ങൾ അടുത്ത കാലത്തായി കണ്ടുതുടങ്ങിയിരിക്കുന്നു.

ചാലിയാർ സംരക്ഷണത്തിന്റെ പ്രാധാന്യം തിരിച്ചറിഞ്ഞ് ദിശാബോധത്തോടെ 2004 മുതൽ വാഴക്കാട് പ്രവർത്തിച്ചു തുടങ്ങിയ ചാലിയാർ സംരക്ഷണ സമിതിയും 1990 മുതൽ നിലമ്പൂർ താഴ്‌വാരത്തിൽ ചാലിയാറിന്റെയും കാടുകളുടേയും പരിരക്ഷണ ബോധന പ്രവർത്തനങ്ങൾ നടത്തി വരുന്ന നിലമ്പൂർ പ്രകൃതിപഠന കേന്ദ്രവും കൈ കോർത്തുകൊണ്ടാണ് ഇപ്പോൾ പുഴയുടെ അതിജീവനത്തിനായി ജനമനസ്സുകളിലേക്കിറങ്ങിക്കൊണ്ടിരിക്കുന്നത്. പുഴയെ വിസ്മരിക്കുന്ന മനസ്സുകളിലേക്ക് പുഴയെ എത്തിക്കാനുള്ള പ്രവർത്തനങ്ങൾ. വൈവിധ്യമാർന്ന പ്രവർത്തനങ്ങൾ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്നു. പദയാത്രകൾ, നദിക്കു ചുറ്റും മനുഷ്യച്ചങ്ങല തീർക്കൽ, ലഘുലേഖ വിതരണം, കലാലയങ്ങളിലെ വിശദീകരണ യോഗങ്ങൾ, ശില്പശാലകൾ, സെമിനാറുകൾ, പൊതുയോഗങ്ങൾ, ജലയാത്ര, പുസ്തകപ്രസാധനം.... ഇങ്ങനെ ചാലിയാർ സംരക്ഷണ പ്രവർത്തനങ്ങൾ ഒരു വികാരമായി പടരുന്നു. ഇതിന്റെയെല്ലാം ഫലമായി പുഴയുടെ നിലനില്പിനെക്കുറിച്ചുള്ള ചർച്ചകൾ തീരപ്രദേശങ്ങളിൽ പലയിടങ്ങളിലുമായി നടന്നുകൊണ്ടിരിക്കുന്നു. പുഴക്കുവേണ്ടി സംസാരിക്കുന്നവരുടെ എണ്ണം കൂടി വരുന്നു.


### എന്റെ ചാലിയാർ

പുഴ എന്റേതെന്ന് അറിയുന്നവർക്കേ പുഴയുടെ നാശം വേദനയുണ്ടാക്കൂ... കുട്ടികൾക്കും ചെറുപ്പക്കാർക്കും ഈ പുഴ എന്റേതെന്ന വികാരമുണ്ടാകണം. അതിനു വേണ്ടിയുള്ള പ്രവർത്തനങ്ങളിലാണ് ചാലിയാർ സംരക്ഷണ പ്രവർത്തകരിപ്പോൾ.

ഈ പ്രവർത്തനത്തിന്റെ സമഗ്രമായ ആസൂത്രണവും ശില്പശാലയും കഴിഞ്ഞ മാസം 18 ന് അരീക്കോട് വെച്ച് നടന്നു. അതിന്റെ തുടർച്ചയായി ചാലിയാർ തീരത്തെ പന്ത്രണ്ടോളം പഞ്ചായത്തുകളിൽ പുഴസംരക്ഷണസമിതികൾ നിലവിൽ വരും.

## പുഴക്കുവേണ്ടി ഒരു പാഠപുസ്തകം

ചാലിയാറിന്റെ വീണ്ടെടുപ്പിനായി ചാലിയാർ-അതിജീവന പാഠങ്ങൾ എന്ന പേരിൽ ഒരു പാഠപുസ്തകം പ്രസിദ്ധീകരിച്ചിട്ടുണ്ട്. വാഴക്കാട് ചാലിയാർ സംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ എഴുത്തുകാരനും ഡോക്യുമെന്ററി സംവിധായകനുമായ എം. എ. റഹ്മാൻ എഡിറ്റ് ചെയ്ത 114 പേജിൽ തയ്യാറാക്കിയ പുസ്തകം ചാലിയാറിനു വേണ്ടി പ്രസിദ്ധീകരിച്ച രണ്ടാം പുസ്തകമാണെന്നു പറയാം. ഒന്നാമത്തെ പുസ്തകം 2004 ൽ അരീക്കോട് എം.ഇ.എ.എസ് കോളേജ് പ്രസിദ്ധീകരിച്ച പുഴയറിവുകളുടെ സമാഹാരമായ ചാലിയാർ രേഖകൾ ആയിരുന്നു (ഈ പുസ്തകത്തെക്കുറിച്ച് ലിറ്റിൽ മാസിക 2007 ഡിസംബർ ലക്കത്തിൽ എഴുതിയിട്ടുണ്ട്).




വാഴക്കാട് ഗ്രാമപഞ്ചായത്ത് ധനസഹായം നൽകി പുഴയ്ക്കായി ഇങ്ങനെയൊരു പുസ്തകം പ്രസിദ്ധീകരിച്ചു എന്നതും അഭിനന്ദനീയമായ കാര്യമാണ്.

### ചാലിയാർ ഒരു സർവ്വകലാശാല

പുഴ, വികസനരാഷ്ട്രീയ-വിദ്യാഭ്യാസ ചർച്ചകളുടെ കേന്ദ്രവിഷയമാകണം. പുഴയെ അടിസ്ഥാനപ്പെടുത്തിയുള്ള വികസന പ്രവർത്തനങ്ങളാണ് ഉണ്ടാകേണ്ടത്. പുഴയിൽ ജ്ഞാനസ്നാനം ചെയ്യുന്ന ഒരു തലമുറ വളർന്നുവരണം. നീന്തൽ പഠിച്ചും, പുഴയിലെ ജൈവവൈവിധ്യം പഠിച്ചും, പുഴയുടെ ചരിത്രവും സംസ്ക്കാരവും പഠിച്ചും വളരാൻ ചാലിയാർ ഒരു ജൈവ സർവ്വകലാശാലയാകണം... ചാലിയാർ സംരക്ഷണ പ്രവർത്തകരുടെ സ്വപ്നം ഇങ്ങനെയൊക്കെയാണ്......!

---

## ശലഭങ്ങൾ പഠിപ്പിക്കുന്നത്...

ത്തിലോ ആണ്. ഇതൊന്നുമറിയാതെ ഞാൻ മുട്ടകൾ നിക്ഷേപിച്ചത് ഏതോ അലങ്കാരച്ചെടിയിലായിരുന്നു.

ലാർവകളുടെ ഭക്ഷണം മാതൃസസ്യത്തിന്റെ തളിരിലകളാണെങ്കിൽ ശലഭങ്ങളുടെ ഭക്ഷണം പൂക്കളിലെ തേനാണ് എന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. എന്നാൽ ചിത്രശലഭങ്ങൾ മാത്രമേ തേൻ കുടിക്കാറുള്ളൂ എന്നും നിശാശലഭങ്ങൾ ലാർവയായിരിക്കുമ്പോൾ തളിരിലകൾ കഴിക്കുന്നുവെന്നല്ലാതെ ശലഭമായി മാറിക്കഴിഞ്ഞാൽ ഭക്ഷണമൊന്നും കഴിക്കില്ല എന്നത് എനിക്ക് പുതിയൊരു അറിവായിരുന്നു. അറ്റ്ലസ് നിശാശലഭത്തെ ഞാൻ പരിശോധിച്ചു. അവയ്ക്ക് ചിത്രശലഭങ്ങളെ പോലെ തേൻ നുകരാനുള്ള തുമ്പികളോ വദന ഭാഗങ്ങളോ ഇല്ല.

അറ്റ്ലസ് ശലഭങ്ങൾക്ക് ഏഴു മുതൽ പത്ത് ദിവസം വരെ മാത്രമേ ആയുസ്സുള്ളൂ. മഴക്കാലം തുടങ്ങുമ്പോഴാണ് ഇവയുടെ പ്രജനന കാലം ആരംഭിക്കുന്നത്. ആൺശലഭങ്ങളേക്കാളും വലുപ്പമുണ്ടാകും പെൺശലഭങ്ങൾക്ക് (ചിറകളവ് 24-30 സെന്റീമീറ്ററും മൊത്തത്തിലുള്ള ചിറക് വിസ്തീർണ്ണം 400 ചതുരശ്ര സെന്റീമീറ്റർ വരും).

ഈ പെൺശലഭങ്ങളുടെ ശരീരാഗ്രത്തിൽ ഒരു ഗ്രന്ഥിയുണ്ട്. ഈ ഗ്രന്ഥി ഉല്പാദിപ്പിക്കുന്ന ഫെറമോണുകളുടെ ഗന്ധം ആൺശലഭങ്ങൾ അവരുടെ സ്പർശിനിയിലെ പ്രത്യേക സംവിധാനം ഉപയോഗിച്ച് (Chaemo receptor) കിലോമീറ്ററുകൾ അകലെയാണെങ്കിലും പിടിച്ചെടുക്കും. ഇണയെ കണ്ടെത്താനുള്ള അത്ഭുത സംവിധാനം! ഇണചേരലിനു ശേഷം പെൺശലഭങ്ങൾ തന്റെ മാതൃസസ്യം കണ്ടെത്തി അതിൽ മുട്ടകൾ നിക്ഷേപിക്കുന്നു. വംശം നിലനിർത്താൻ മാത്രം ഒരാഴ്ചക്കാലം ജീവിക്കുകയും ഹ്രസ്വമായ ജീവിത ദൗത്യം നിറവേറ്റി വർണ്ണക്കാഴ്ചകൾ സമ്മാനിച്ച് കടന്നുപോവുകയും ചെയ്യുന്ന ഈ ശലഭങ്ങൾ പകർന്നുതരുന്ന ജ്ഞാന പാഠങ്ങൾ എത്ര വലുതാണ്!

പരിസരങ്ങളിൽ വിഷം തളിച്ചും മാതൃസസ്യങ്ങൾ വെട്ടിനശിപ്പിച്ചും വിപണിയിലെത്തിക്കാനായി കൂട്ടത്തോടെ കവർച്ച ചെയ്തും മനുഷ്യന്റെ ഇടപെടലുകൾ ശലഭങ്ങളുടെ നിലനിൽപിന് ഭീഷണിയായി മാറിക്കൊണ്ടിരിക്കുകയാണ്. ആർത്തിപൂണ്ട വികസനഭ്രാന്ത്, ശലഭങ്ങളുടെ ചേതോഹര കാഴ്ചകൾക്കും നേർത്ത ചിറകടിയൊച്ചകൾക്കും ഇടം കൊടുക്കാതെ നമ്മുടെ ഹൃദയങ്ങളുടെ സംവേദനത്വത്തെ നഷ്ടമാക്കിയിരിക്കുന്നു. കാസർഗോഡ് ജില്ലയിൽ എൻഡോസൾഫാൻ ദുരന്തങ്ങൾ വിതച്ചുതുടങ്ങിയപ്പോൾ മനുഷ്യർ രോഗികളാകും മുമ്പേ അവിടെ ശലഭങ്ങൾ കൂട്ടത്തോടെ അപ്രത്യക്ഷമാകാൻ തുടങ്ങിയിരുന്നു. ഇക്കാര്യം ശ്രദ്ധിക്കാനോ അതിൽ നിന്നു പാഠങ്ങൾ പഠിക്കാനോ ആർക്കും കഴിഞ്ഞില്ല.

മനുഷ്യവംശം ആവിർഭവിക്കുന്നതിനും 970 ലക്ഷം വർഷങ്ങൾക്കു മുമ്പേ ശലഭങ്ങൾ ഭൂമിയിൽ പറന്നു നടക്കാൻ തുടങ്ങിയിട്ടുണ്ട്. ഈ ജീവികളിൽ നിന്ന് നമുക്കേറെ പാഠങ്ങൾ പഠിക്കാനുണ്ട്.

*"വിശ്വസാഹിത്യത്തിൽ നിന്ന് ഉൾക്കൊണ്ടതിലേറെ ഞാൻ പൂമ്പാറ്റകളിൽ നിന്ന് പഠിച്ചിട്ടുണ്ട്"* - *ശ്രീബുദ്ധൻ*

കുട്ടികളുടെ വായന

പി. ഹെന്ന

# ആടുജീവിതം

ബെന്യാമിന്റെ തൂലികയിൽ വിരിഞ്ഞത് അറേബ്യൻ മണലാരണ്യത്തിലെ ഒരു മലയാളിയുടെ ഏകാന്ത ജീവിതമാണ്. ചുട്ടുപഴുക്കുന്ന മണലിനോടൊപ്പം വെന്തുരുകുന്ന ജീവിതം.

നജീബെന്ന മണൽ തൊഴിലാളി കൺസ്ട്രക്ഷൻ കമ്പനിയിലെ ഹെൽപ്പറുടെ വിസയിൽ അറേബ്യയിലേക്ക് പോവുന്നു. കൂടെ ഹക്കീമെന്ന ചെറുപ്പക്കാരനും. ഒരുപാട് സ്വപ്നങ്ങളുണ്ടായിരുന്നു നജീബിന്. എന്നാൽ ആ സ്വപ്നങ്ങളെ എല്ലാം തകിടം മറിച്ചുകൊണ്ടായിരുന്നു നജീബിന്റെ പ്രവാസ ജീവിതം. മരുഭൂമിയിലെ വലിയ മസറയിൽ ആടുകൾക്കും ഒട്ടകങ്ങൾക്കും തീറ്റ കൊടുത്ത് ഒന്നു സംസാരിക്കാൻ പോലും കൂട്ടിനാളില്ലാതെ പല വർഷങ്ങൾ.... വൃത്തിയുടെ കാര്യത്തിൽ ജാഗ്രത പുലർത്തിയിരുന്ന നജീബ് മൂന്നരക്കൊല്ലം വെള്ളം തൊടാതെ വസ്ത്രം മാറ്റാതെ തള്ളിനീക്കി. എപ്പോഴെങ്കിലും വരുന്ന യജമാനനായ കാട്ടറബിയുടെ തല്ലും ചീത്തവിളിയും മാത്രമായിരുന്നു ഈ മസറയിൽ നിന്നതിന് നജീബിന് ശമ്പളമായി കിട്ടിയത്.

പച്ചപ്പില്ലാത്ത പടച്ചോന്റെ വറവു ചട്ടി എന്ന് കഥാകൃത്ത് വിശേഷിപ്പിച്ച മരുഭൂമിയിലൂടെ ആടുകളെ വെറുതെ മേച്ച് അവരോട് സംസാരിച്ച് നജീബ് തീർത്തും ഒരാടായി. മണൽത്തിട്ടയിൽ നാട്ടിയ ഒരു ചെറിയ വടിയുടെ നിഴലായിരുന്നു നജീബിന്റെ ഏറ്റവും വലിയ തണൽ.

ഗൾഫിലേക്ക് പോവുമ്പോൾ ഭാര്യ ഗർഭിണിയായിരുന്നു. ആൺകുട്ടിയാണ് ഉണ്ടാവുന്നതെങ്കിൽ നബീൽ എന്ന് പേരിടണമെന്ന് നജീബ് ആശിച്ചു. ഒരു ദിവസം നജീബിന്റെ മുമ്പിൽ വെച്ച് ഒരാട് പെറ്റു. ആൺകുട്ടി! നജീബപ്പോൾ ഓർത്തു, തന്റെ ഭാര്യയും പ്രസവിച്ചിരിക്കണം ഒരാൺകുട്ടിയെ...

ആ ആട്ടിൻകുട്ടിക്ക് നബീൽ എന്നു പേരിട്ടു, തന്റെ മകനായി പ്രതിഷ്ഠിച്ചു. അങ്ങനെ സ്വന്തം നാട്ടിലെ ഓരോ വ്യക്തിയുമായി ബന്ധമുള്ള ആടുകൾക്ക് അവരുടെ പേരുകളിട്ട് അവരാണെന്ന് സങ്കൽപിച്ചു.

അവസാനം രക്ഷപ്പെടാനായി നജീബും മറ്റൊരു മസറയിൽ മറ്റൊരാടായി കഴിയുന്ന കൂട്ടുകാരൻ ഹക്കീമും കൂടി മണൽപ്പരപ്പിലൂടെ ലക്ഷ്യമില്ലാതെ നടക്കുന്നു.

മണൽപ്പരപ്പിലൂടെയുള്ള യാത്ര തീക്ഷ്ണമായ ഓരോ കാൽവെപ്പുകളാണ്. തൊണ്ട നനയ്ക്കാൻ ഒരിത്തിരി വെള്ളമില്ലാതെ ദാഹിച്ച് പല ദിനങ്ങൾ അറുതിയില്ലാത്ത മണൽപ്പരപ്പിലൂടെ നടക്കുന്നു.

മണൽപ്പരപ്പിന്റെ അറ്റമില്ലാതെ പരന്നുകിടക്കുന്ന ചൂടും തലക്കു മുകളിലുള്ള സൂര്യനും എല്ലാം അവർക്കപ്പോൾ പോരാടാനുള്ള എതിരാളികളായിരുന്നു.

കൂട്ടുകാരൻ ഹക്കീം പലപ്പോഴും ഒരിറ്റു വെള്ളത്തിനായി കെഞ്ചുമ്പോൾ നജീബ് തന്റെ വിയർപ്പ് നാവിലേക്ക് ഒഴുക്കുകയായിരുന്നു. ഒരുപാട് അത്ഭുത ജീവികളുടെ കലവറയാണ് മരുഭൂമി.

നജീബും ഹക്കീമും ചുട്ടുപഴുത്ത മണൽപ്പരപ്പിലൂടെ കാൽവെക്കുമ്പോൾ അവരുടെ കാൽപാദങ്ങൾ പൊള്ളുന്നു. ഒപ്പം നമ്മുടെ ഹൃദയവും.

കൂട്ടുകാരൻ ഹക്കീം ദാഹിച്ച് ദാരുണമായി പേ പിടിച്ച നായയെ പോലെ നുരയും പതയും വന്നു മരിക്കുന്നു. ഹക്കീമിന്റെ മരണം നമ്മുടെ ഹൃദയത്തിന് ഒരു വിള്ളലാവുന്നു.

കഥാകൃത്ത് ഈ നോവൽ സമർപ്പിച്ചിരിക്കുന്നത് നജീബിനും ഹക്കീമിനും മരുഭൂമിയിൽ ദാഹിച്ചു മരിച്ച എല്ലാം ആത്മാക്കൾക്കുമാണ്.

യാഥാർത്ഥ്യവും ഭാവനയും ഇടകലർന്ന ഈ നോവലിനാണ് ഈ വർഷത്തെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചത്.

ഗൾഫിൽ നിന്നും വരുന്നവരെ പണം കൊയ്ത് വരുന്നവർ എന്ന കണ്ണിലൂടെ നോക്കുന്നവർക്ക് ഒരു വ്യത്യസ്ത അനുഭവമാണ് നജീബിന്റെ ജീവിതം. ആ ഏകാന്തതയിൽ നജീബിനു മുന്നിൽ ആത്മഹത്യയും മറ്റു പലതും ഉണ്ടായിരുന്നു. എന്നാൽ നജീബ് ഈ പ്രതിസന്ധികളെല്ലാം തരണം ചെയ്ത് ഇപ്പോഴും ജീവിച്ചിരിക്കുന്നത് പ്രവാസജീവിതത്തിന്റെ നനവു പറ്റിയ ഭാഗം പകർന്നു തരാനാണ്. അല്ലെങ്കിൽ ഏകാന്തതയുടെ പാഠങ്ങൾ പറഞ്ഞുതരാൻ ആയിരിക്കാം.

*(എടവണ്ണ എസ്.എച്ച്.എം.ജി.വി.എച്ച്.എസ്.എസ്സിൽ എട്ടാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ് ഹെന്ന)*

---

ചെറിയ കാര്യം

സജേഷ് കോഴിപ്പറമ്പ്

# ചെറിയ കണക്കിന്റെ പ്രസക്തി

ഒരിക്കൽ ഒരു കുട്ടി ഹോംവർക്കു ചെയ്യുന്നത് ഞാൻ ശ്രദ്ധിക്കാനിടയായി. അവനവന്റെ ചെറുവിരലിലെണ്ണുന്നതും നോട്ടുപുസ്തകത്തിൽ എന്തൊക്കെയോ കുറിക്കുന്നതും ഞാൻ കൗതുകത്തോടെ നോക്കിനിന്നു. അല്പസമയങ്ങൾക്കു ശേഷം എന്നെ ശ്രദ്ധിച്ച അവൻ പുസ്തകവുമായി അരികിൽ വന്ന് ഈ കണക്കൊന്നു പറഞ്ഞുതരുമോ എന്നു ചോദിച്ചു. ഞാൻ പുസ്തകം വാങ്ങി നോക്കി... ആ കണക്ക് എന്നിലൊരു തിരിച്ചറിവുണ്ടാക്കി.

അവന്റെ വീട്ടിൽ ഒരു ദിവസം പുറന്തള്ളുന്ന പ്ലാസ്റ്റിക് കവറുകളുടെ എണ്ണമായിരുന്നു അത്. മിഠായി, പച്ചക്കറി, അരി എന്നിങ്ങനെയുള്ള കണക്കുകൾ അവന്റെ കുഞ്ഞുവിരലിലെണ്ണാവുന്നതായിരുന്നു. പക്ഷെ, ആ എണ്ണം കൊണ്ട് അയൽ വീടുകളെ ഗുണിക്കുന്നത് അവന് അസാധ്യമായിരുന്നു.

ഇത്തരത്തിൽ നാം ഒന്നു കൂട്ടിനോക്കുകയാണെങ്കിൽ ഞെട്ടിപ്പിക്കുന്ന സത്യമായിരിക്കും നമുക്കു ലഭിക്കുന്നത്. ടൗണുകളിലും മറ്റും പരിസ്ഥിതിക്ക് ഹാനികരമാകുന്ന പ്ലാസ്റ്റിക് വേസ്റ്റുകളെ കുറിച്ച് സംസാരിക്കുന്ന നാം... ഈ കണക്ക് ശ്രദ്ധിക്കാതെ പോകരുത്. ഒരു ദിവസം ഒരു വീട്ടിൽ നിന്ന് പുറന്തള്ളുന്നത് 6 കവറുകളാണെങ്കിൽ 12 വീടുകളുള്ള ഒരു പ്രദേശത്ത് 72 ആണ്. ഏകദേശം 7000 ത്തോളം വീടുകളുള്ള ഒരു പഞ്ചായത്തിൽ അത് 42,000 ആണ്. ഏകദേശം ഓളം വീടുകളുള്ള കേരളത്തിൽ അത് ഉം ആണ്. ഇത്തരത്തിൽ കണക്കു കൂട്ടുമ്പോൾ ഈ ചെറിയ കണക്ക് ഇവിടെ വളരെയധികം പ്രസക്തമാവുന്നു.

പലതുള്ളി പെരുവെള്ളമെന്ന പഴഞ്ചൊല്ലിന് ഇവിടേയും പതിരില്ലാതാകുന്നു.

# ഇ-വേസ്റ്റ് കൂമ്പാരം: മുൻപന്തിയിൽ മൊബൈൽ ഫോൺ

ദിനംപ്രതി വലിച്ചെറിയപ്പെടുന്ന മൊബൈൽ ഫോണുകൾ ഇ- മാലിന്യ കൂമ്പാരങ്ങളിൽ വന്നു നിറഞ്ഞുകൊണ്ടിരിക്കുകയാണ് ടെലിവിഷനും കമ്പ്യൂട്ടറും വാഷിംഗ് മെഷീനുമെല്ലാം ഉപയോഗത്തിനു ശേഷം ഉപേക്ഷിക്കപ്പെടുന്നത് എന്തു ചെയ്യുമെന്നറിയാതെ ലോകം വിഷമിച്ചുകൊണ്ടിരിക്കുമ്പോൾ അതിലേക്ക് പുതിയ അംഗത്വമായി മൊബൈൽ ഫോണും അനുബന്ധ സാമഗ്രികളും വന്നുകൊണ്ടിരിക്കുന്നു. കൊച്ചി നഗരത്തിൽ മാത്രം ഓരോ ദിവസവും ചുരുങ്ങിയത് ഇരുപത് മൊബൈൽ ഫോണുകളെങ്കിലും ഉപേക്ഷിക്കപ്പെടുന്നുണ്ട് എന്ന് പഠനങ്ങൾ കാണിക്കുന്നു.

മൊബൈൽ നിർമ്മാണരംഗത്തുണ്ടായ സാങ്കേതിക വിപ്ലവം വലിയ മാറ്റങ്ങളാണ് ഈ മേഖലയിൽ കൊണ്ടുവന്നത്. പുതിയ മോഡലുകൾ രംഗപ്രവേശം ചെയ്തു കൊണ്ടിരിക്കുകയും അതിന് താങ്ങാവുന്ന വിലയും ആകുമ്പോൾ പഴയതെന്തിന് കയ്യിൽ വെച്ചുകൊണ്ടിരിക്കണം? ചിന്തകൾ ഈ വിധം പോകുന്നു. ചെറുപ്പക്കാർ ട്രെൻഡുകൾക്കനുസരിച്ച് മോഡലുകൾ മാറ്റിക്കൊണ്ടേയിരിക്കുന്നു. ഇതിന്റെയെല്ലാം ഫലമായി വലിച്ചെറിയപ്പെടുന്ന മൊബൈൽ ഫോണുകളുടെ എണ്ണം പെരുകി വരുന്നു.

പ്രമുഖ മൊബൈൽ കമ്പനിയായ നോക്കിയ ന്യൂ ഡൽഹിയിൽ മൊബൈൽ ഫോൺ റീ സൈക്കിൾ സംവിധാനം ഈയടുത്ത കാലത്താണ് ആരംഭിച്ചത്. ഈ കമ്പനിയിലേക്ക് കഴിഞ്ഞ മൂന്നു മാസത്തിനുള്ളിൽ 2000 യൂണിറ്റ് പഴയ മൊബൈൽ ഫോണുകളാണ് കൊച്ചിയിൽ നിന്നും കയറ്റി അയച്ചത്. ഇന്ത്യൻ സെല്ലുലാർ അസോസിയേഷൻ കേരള ചാപ്റ്റർ പ്രസിഡന്റ് ഖാലിദ് ചൂണ്ടിക്കാണിക്കുന്നു.

റീ സൈക്കിൾ കമ്പനിക്കാർ പഴയ ഫോണുകളിലെ വിഷാംശങ്ങളായ നിക്കൽ, കാഡ്മിയം, മെർക്കുറി എന്നിവ നീക്കം ചെയ്യുകയും ബാക്കി ഭാഗങ്ങൾ കുട്ടികളുടെ കളിപ്പാട്ടങ്ങൾ നിർമ്മിക്കാൻ ഉപയോഗിക്കുകയും ചെയ്യുന്നു. നീക്കം ചെയ്യപ്പെടുന്ന വിഷാംശങ്ങൾ റീ സൈക്കിൾ കമ്പനിയിലെ തലവേദന സൃഷ്ടിക്കുന്ന വേസ്റ്റാ ണ്. ഫോണുകൾക്കു പുറമെ ചാർജറുകളും ബാറ്ററികളും മാലിന്യക്കൂമ്പാരത്തിലേക്ക് വന്നു ചേരുന്നുണ്ട്.

റീ സൈക്കിൾ ചെയ്യപ്പെടുന്ന ഓരോ യൂണിറ്റ് പഴയ മൊബൈലുകൾക്കും പകരം ഓരോ മരം വെച്ച് പിടിപ്പിക്കുന്ന സ്ക്കീം കമ്പനി തുടങ്ങിയിട്ടുണ്ട്. കാർബൺ കുറക്കാനുള്ള ഇത്തരം പ്രവർത്തനങ്ങൾ കാമ്പയിൻ ആയി സ്വീകരിക്കാൻ കമ്പനി പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്.

# വീണ്ടും ചില ന്യൂസ്പേപ്പർ കാര്യങ്ങൾ

**ക**ഴിഞ്ഞ ലക്കത്തിൽ ന്യൂസ്പേപ്പർ നാപ്കിൻ ആയി ഉപയോഗിക്കുന്നതിനെക്കുറിച്ച് വായിച്ചല്ലോ. ഇതാ, ന്യൂസ്പേപ്പർ കൊണ്ട് മറ്റു ചില പ്രയോഗങ്ങൾ!

ന്യൂസ്പേപ്പർ ഏതാനും ഷീറ്റുകൾ യാത്രയിൽ കൈവശമുണ്ടാകുന്നത് ഏറെ ഉപകാരപ്രദമാകും. കാത്തിരിപ്പിന്റെ വേളയിൽ ബസ്സ്റ്റാന്റിലും റെയിൽവെ സ്റ്റേഷനിലുമൊക്കെ വിരിച്ചിരിക്കാം. പേപ്പർ സിമന്റ് തറയിൽ വിരിച്ചാൽ തണുപ്പടിക്കാതെയും മൂട്ടകളുള്ളിടത്ത് പ്രതിരോധിക്കാനും സഹായകമാകും. യാത്രയിൽ ഛർദ്ദിക്കുന്നവർ സീറ്റിൽ പേപ്പർ വിരിച്ചിരുന്നാൽ ഛർദ്ദിക്കില്ലെന്ന് പറയാറുണ്ട്. പരീക്ഷിച്ചു നോക്കൂ...

ട്രെയിനിലും മറ്റ് പബ്ലിക് ടോയ്‌ലറ്റിലും യൂറോപ്യൻ മോഡൽ കക്കൂസ് ഉപയോഗിക്കുന്നവർ പലപ്പോഴും പ്രയാസം നേരിടാറുണ്ട്. വൃത്തി കുറഞ്ഞ സാഹചര്യങ്ങളിൽ ന്യൂസ്പേപ്പർ ഒരു ഷീറ്റെടുത്ത് മധ്യത്തിൽ വട്ടത്തിൽ ചീന്തി ക്ലോസറ്റിനു മുകളിൽ വിരിച്ചിരിക്കാം.

(വായനക്കാർക്കറിയാവുന്നതും പ്രായോഗികവുമായ ഇത്തരം ചെറിയ കാര്യങ്ങൾ പങ്കു വെക്കുന്നത് പ്രയോജനപ്രദമാകും. ദയവായി എഴുതുക: എഡിറ്റർ, ലിറ്റിൽ മാസിക, ചുങ്കത്തറ. പി. ഒ., പിൻ: 679334)

*വായനക്കാരുടെ പ്രതികരണങ്ങൾ - തപാലിൽ, ഇ മെയിലിൽ, ടെലഫോൺ, എസ്.എം.എസ്, നേരിൽ*

### വായനയുടെ പക്ഷം




ചങ്ങാതീ,

ലിറ്റിൽ മാസിക മുടങ്ങാതെ കിട്ടുന്നുണ്ട്. ഓരോ ലക്കവും സൂക്ഷിച്ചു വെക്കുന്നുണ്ട്. കുഞ്ഞ് രചനകൾ വായിക്കുമ്പോൾ എന്തെങ്കിലും എഴുതി അയക്കണമെന്ന് തോന്നിപ്പോകുന്നു..

*അഷ്റഫ് ആഢൂര്*

ജൂലൈ ലക്കത്തിൽ അജ്ഞാതന് എഴുതിയ ജീവിക്കാത്ത മനുഷ്യൻ എന്ന കഥയിലെ ആശയം ഏറെ പ്രസക്തം.

യഥാർത്ഥത്തിൽ ജീവിതം എന്നു പറയുന്നത് ചില കാട്ടിക്കൂട്ടലുകളുടെ സങ്കര സംഗ്രഹമാണ്. ചിലർ ആനന്ദിക്കും, ചിലർ മരണം വരെ ദുഃഖിക്കും. അവസാനം എല്ലാവരും തങ്ങളെ കാലത്തിന്റെ യവനികയ്ക്കു പിറകിൽ കുഴിച്ചുമൂടും. ചുരുക്കം ചിലർ തങ്ങൾ ജീവിച്ചതിന്റെ അടയാളങ്ങൾ പിൻതലമുറയ്ക്കായി കാത്തുവെക്കും. അത് സാഹിത്യരൂപത്തിലോ മറ്റു സൃഷ്ടിപരമായ പ്രവർത്തികളുടെ രൂപത്തിലോ ഒക്കെയാകാം. എന്റെ അഭിപ്രായത്തിൽ ജീവിച്ച, ഇനിയും ജീവിക്കുന്ന മനുഷ്യർ ഇവർ മാത്രമാണ്.

ലിറ്റിൽ മാസിക എല്ലാ അർത്ഥത്തിലും വലിയ കാഴ്ചപ്പാട് വച്ചു പുലർത്തുന്നു എന്ന് പറയാതെ വയ്യ!

*മുജിമോൻ സലാമത്ത് നഗർ, പുത്തൂർപള്ളിക്കൽ*

ജൂലൈ ലക്കം ലിറ്റിൽ മാസിക വൈവിധ്യമാർന്ന വിഷയങ്ങൾ കൊണ്ട് നല്ലൊരു വായനാനുഭവം നൽകി. ലേഖനം, കവിത, കുറിപ്പുകൾ എല്ലാം നല്ല നിലവാരം പുലർത്തി. കൂട്ടുജീവിതത്തിന്റെ പാഠങ്ങൾ നൽകിയ മൂൺസ് ചന്ദ്രനെ കുറിച്ചുള്ള അക്കുവിന്റെ ഓർമ്മക്കുറിപ്പ് ഹൃദയസ്പർശിയായി. സൗഹൃദത്തിന്റെയും സാഹിത്യത്തിന്റെയും മേച്ചിൽ പുറങ്ങൾ തേടി എടവണ്ണയിലെത്തുമ്പോൾ മൂൺസ് ചന്ദ്രനടക്കമുള്ള അക്കാലത്തെ സുഹൃദ്‌വലയത്തെ ഞാനും ഓർത്തുപോയി. പ്ലാവില മാസികയെക്കുറിച്ചും, ഹസ്സൻ മമ്പാടിന്റെ ഫോട്ടോകളെക്കുറിച്ചുമുള്ള കുറിപ്പുകൾ നൽകിയത് നന്നായി. കുഞ്ഞു മാസികകളെ തുടർന്നും പരിചയപ്പെടുത്തണം.

*നൗഷാദ്. കെ.പി., ചമ്രവട്ടം*

August 2010 Postal Reg.No. KL/MJI/82/2010-2012.
RN 67322 / 94 registered with the Registrar of
News Papers for India New Delhi Rs. 6.50

# Journal of Small Things



ഫോട്ടോ:

# Little Masika




Chungathara P.O
Malappuram Dt.
Pin: 679334

Edited, Printed, Published and owned by Biju John published at Chungathara
printed at Imperial Edv. for Co-op Press, Chungathara